നിലവിലില്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ സംവിധാനം ഉള്ള നഗരസഭകളിൽ ആയത് ആധുനികവത്കരിക്കുന്നതിലേക്കുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ച നഗരസഭകൾക്ക് സാങ്കേതികാനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി പദ്ധതിയുടെ 100% സാമ്പത്തികസഹായവും അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) കേരളത്തിന്റെ പ്രത്യേക പരിസ്ഥിതിയുടെയും ഇതുവരെയുള്ള അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ മാലിന്യ പരിപാലന നിർദ്ദേശങ്ങളിൽ പറയുന്ന കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ദുർഗന്ധം വമിക്കാതെയും ജനങ്ങൾക്ക് ശല്യമില്ലാതെയും പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കാതെയും ഈ പദ്ധതികൾ നടത്തുവാൻ കഴിയും. വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളാണ് കൂടുതൽ പ്രായോഗികമെന്ന് കണ്ടെത്തിയിട്ടുള്ളത്. ഇതുവഴി കേന്ദ്രീകൃത സംവിധാനത്തിലേയ്ക്കെത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുവാൻ കഴിയും.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ സംസ്കരണം വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിലേയ്ക്ക് വേണ്ടി കമ്പോസ്റ്റ് പ്ലാന്റുകളും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുകയെന്നതാണ് പൊതുനിലപാട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകിയ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്.

മാലിന്യനിർമ്മാർജ്ജനത്തിനായുള്ള ഇൻസിനറേറ്റർ

116 (1485) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മാലിന്യനിർമ്മാർജ്ജനത്തിനായി നിലവിൽ ഇൻസിനറേറ്റർ ഉപയോഗിക്കുന്നുണ്ടോ ;

(ബി) ഇൻസിനറേറ്റർ വാങ്ങുന്നതിനായി ആകെ എന്ത് തുക ചെലവായി ;

(സി) പ്രസ്തുത സംവിധാനം പ്രവർത്തിപ്പിച്ച ഇനത്തിൽ എന്ത് തുക ചെലവായി എന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇൻസിനറേറ്റർ വാങ്ങുന്നതിനായി ആകെ 2.19 കോടി (രണ്ട് കോടി പത്തൊൻപത് ലക്ഷം) രൂപ ചെലവായി.

(സി) പ്രസ്തുത സംവിധാനം പ്രവർത്തിപ്പിച്ചതിന് ഇന്ധനച്ചെലവിനത്തിൽ 12,34,930 രൂപ (പന്ത്രണ്ട് ലക്ഷത്തി മുപ്പത്തിനാലായിരത്തി തൊള്ളായിരത്തി മുപ്പത് രൂപ) ചെലവായിട്ടുണ്ട്.

മിഷൻ 676-ൽ ഉൾപ്പെട്ട ക്ലീൻ കേരള പദ്ധതികൾ

117 (1486) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി ക്ലീൻ കേരള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻവഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾക്കുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) താഴെപ്പറയുന്ന പദ്ധതികളാണ് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്.

പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയ പുനഃചംക്രമണവും

1. ക്ലീൻ കേരള കമ്പനി എല്ലാ കോർപ്പറേഷനിലും മുനിസിപ്പാലിറ്റികളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കും.

കൊച്ചി കോർപ്പറേഷനിൽ ബ്രഹ്മപുരത്ത് പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly